LIBRARY ARCHIVES Kerala Legislative Assembly

തൃക്കുന്നപ്പുഴ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം

196 (1666) ശ്രീ. ബി. ബാബു പ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കുന്നപ്പുഴ പഞ്ചായത്തിൽ അനുവദിച്ച ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നിർമ്മാണത്തിനു മുമ്പുള്ള നടപടിക്രമങ്ങൾ ഏതുഘട്ടംവരെ ആയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാര്യത്തിൽ എന്തു തടസ്സമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയങ്കരയിൽ നബാർഡ് ധനസഹായത്തോടെ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണത്തിന് 60 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുകയുണ്ടായി. ലേല ഹാൾ, ഓഫീസ് കെട്ടിടം, ടോയ്ലറ്റ് ബ്ലോക്ക്, ഓട ചുറ്റുമതിൽ, അപ്രോച്ച് റോഡ്, യാർഡ് ലെവലിങ്ങ് എന്നീ ഘടകങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇതിൽ ലേല ഹാൾ നിർമ്മാണത്തിന് കരാറുകാരനുമായി ഉടമ്പടി വച്ചിട്ടുണ്ട്. മറ്റ് ഘടകങ്ങളുടെ ദർഘാസിന് സർക്കാർ അംഗീകാരം നൽകിയെങ്കിലും സ്ഥലം ലഭ്യമാകാത്തതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(ബി&സി) പഞ്ചായത്ത് അധികാരികളിൽ നിന്നും സ്ഥലം കൈമാറി ലഭ്യമായാൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളു.

മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി

197 (1667) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസപദ്ധതിയിൽ ഏതെല്ലാം വിഭാഗങ്ങളെയാണ് ഉൾപ്പെടുത്തിയതെന്നും, കടാശ്വാസ പദ്ധതിയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസപദ്ധതി പ്രകാരം എന്തെല്ലാം പ്രയോജനങ്ങളാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ ;

(സി) കടാശ്വാസപദ്ധതിയിൽ മലപ്പുറം ജില്ലയിൽനിന്നും ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും തീർപ്പാക്കിയവയെത്രയെന്നും വിശദമാക്കുമോ ;

(ഡി) അവശേഷിക്കുന്നവ എത്ര സമയപരിധിക്കുള്ളിൽ തീർപ്പാക്കുന്നതിനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ടിലെ 2(xii) വകുപ്പിൽ പറയുംപ്രകാരം മത്സ്യബന്ധനം ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികളെയാണ് ടി നിയമപ്രകാരം കടാശ്വാസത്തിനായി പരിഗണിക്കുന്നത്.

(ബി) ടി നിയമപ്രകാരം കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നൽകുന്ന ശിപാർശകൾ പരിഗണിച്ച് സർക്കാർ നൽകുന്ന ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്.

(സി) കടാശ്വാസത്തിനായി മലപ്പുറം ജില്ലയിൽ നിന്നും 8085 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കടങ്ങളെ വായ്പാ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കി പരിഗണിക്കുന്നതിനാലും എല്ലാ കടങ്ങളും പരിഗണിച്ച് കഴിഞ്ഞിട്ടില്ലാത്തതിനാലും തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. എന്നാൽ സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട 2222 പേരുടെ കടങ്ങളും എൻ.ബി.സി.എഫ്.ഡി.സി. എൻ.എം.ഡി.എഫ്.സി എന്നീ ഇനം കടങ്ങളിൽ 360 പേരുടെ കടങ്ങളും സംബന്ധിച്ച് കടാശ്വാസത്തിനായി കമ്മീഷൻ ശിപാർശ നൽകിയിട്ടുണ്ട്. ഇതിനുപുറമേ കമ്മീഷൻ സ്വമേധയാ പരിഗണിച്ചപ്രകാരം ഹഡ്കോ ഭവന വായ്പയിൽ 1605 പേർക്കും എൻ.സി.സി.ഡി. വായ്പയിൽ 3967 പേർക്കും കടാശ്വാസത്തിന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) ഒരപേക്ഷകനുള്ള എല്ലാ കടങ്ങളും ഒറ്റ അപേക്ഷയിൽ തന്നെ രേഖപ്പെടുത്താൻ അനുവദിച്ചിട്ടുള്ളതിനാൽ മത്സ്യത്തൊഴിലാളി സംഘങ്ങൾ, സഹകരണ ബാങ്കുകൾ, ദേശസാൽകൃത, ഷെഡ്യൂൾസ് ബാങ്കുകൾ, പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നെല്ലാം എടുത്തിട്ടുള്ള വായ്പകൾ ഒറ്റ അപേക്ഷയിൽ തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വായ്പകളെ അവ നൽകിയ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കിയാണ് കമ്മീഷൻ കടാശ്വാസത്തിനായി പരിഗണിക്കുന്നത്. 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിക്കുള്ള അധികാരങ്ങൾ പ്രദാനം ചെയ്തിട്ടുള്ള കമ്മീഷൻ, തെളിവെടുപ്പിന്റെ അടിസ്ഥാനത്തിലും വസ്തുതകൾ വിശകലനം നടത്തിയുമാണ് കടാശ്വാസം സംബന്ധിച്ച തീരുമാനമെടുക്കുന്നത്.

ചെമ്മീൻകെട്ട്, ഊന്നിവല, ചീനിവല എന്നിവയ്ക്കുള്ള ലൈസൻസ്

198 (1668) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ ഉൾപ്പെട്ട ചേരാനല്ലൂർ വില്ലേജിൽ എത്ര ചെമ്മീൻകെട്ടുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട് ; അത് ആർക്കൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വർഷം എത്രപേർ ലൈസൻസ് പുതുക്കിയിട്ടുണ്ട് ; പേരുവിവരങ്ങൾ വ്യക്തമാക്കുമോ ;

(സി) ഊന്നിവല, ചീനവല എന്നിവയ്ക്ക് ചേരാനല്ലൂർ വില്ലേജിൽ എത്ര പേർക്ക് ലൈസൻസ് ഉണ്ട് ; ഇവരുടെ പേരുവിവരങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly